**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1144** **14-03-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് -റോഡ് നിർമാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **null**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ ചൂണ്ടി-രാമമംഗലം റോഡ് നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (എ) | ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കരാർ ഉടമ്പടി വയ്ക്കുന്നതിന് കരാറുകാരന് 24.02.2022 ൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. കരാർ ഒപ്പിട്ടതിനു ശേഷം 10 ദിവസത്തിനുള്ളിൽ സൈറ്റ് കൈമാറി പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (ബി) | പെരിങ്ങാല-പുത്തൻകുരിശ് റോഡ് നിർമ്മാണം ആരംഭിച്ചുവെങ്കിലും വാട്ടർ അതോറിറ്റിയുടെ പൈപ്പ് മാറ്റി സ്ഥാപിക്കാത്തതിനാൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തടസ്സം നീക്കി റോഡ് നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഉണ്ട്. ഈ പ്രവൃത്തി പെരിങ്ങാല-പുത്തൻകുരിശ് റോഡിന്റെ ചെയി. 0/000 മുതൽ 3/600 വരെയാണ്. ഇതിൽ ചെയി. 0/000 മുതൽ 1/700 വരെയുള്ള 1.7 കി.മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് റെസ്റ്റോറേഷൻ തുക ROW Portal വഴി അടയ്ക്കുന്നതിനുള്ള 34,50,844/- രൂപയുടെ ഡിമാന്റ് നോട്ടീസ് 06.01.2022 തീയതിയിൽ നൽകിയിട്ടുള്ളതാണ്. കേരള വാട്ടർ അതോറിറ്റി റെസ്റ്റോറേഷൻ തുക അടച്ചാൽ മാത്രമേ ഈ ഭാഗത്തെ റെസ്റ്റൊറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ഉപരിതല പ്രവൃത്തികൾ ചെയ്യുവാൻ സാധിക്കുകയുള്ളൂ. ടി 1.7 കി.മീ ഒഴിച്ചുള്ള റോഡ് ബി.എം. ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ